# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 7

# വാർത്താക്കുറിപ്പ്

## തദ്ദേശ ഭരണമേഖലയിൽ സംയുക്ത പഠനഗവേഷണത്തിന് തുടക്കമിട്ട് കിലയും മഹാത്മാഗാന്ധി സർവകലാശാലയും

**- ധാരണാപത്രത്തിൽ ഒപ്പിട്ടു**

തദ്ദേശ ഭരണം, പ്രാദേശിക വികസനം, പഞ്ചായത്തീരാജ് നിയമങ്ങൾ, വികസന കാഴ്ചപ്പാടുകൾ, ലിംഗപഠനം തുടങ്ങിയ മേഖലകളിൽ സംയുക്ത പഠന-ഗവേഷണത്തിന് തുടക്കമിട്ട് മഹാത്മാ ഗാന്ധി സർവകലാശാലയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്‌ട്രേഷനും ധാരണാപത്രത്തിൽ ഒപ്പിട്ടു. സർവകലാശാലയിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണരംഗത്തും പ്രാദേശിക വികസന കാഴ്ചപ്പാടുകളിലും പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി പരിശീലനങ്ങളും പഠന പ്രോഗ്രാമുകളും സംഘടിപ്പിക്കും. സംയുക്ത പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കും.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ചടങ്ങിൽ കില ഡയറക്ടർ ഡോ. ജോയി ഇളമണും രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടനും ധാരണാപത്രത്തിൽ ഒപ്പിട്ടു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, ഗാന്ധിയൻ പഠനവകുപ്പ് മേധാവി പ്രൊഫ. എം.എച്ച്. ഇല്യാസ്, കോഴ്‌സ് കോ-ഓർഡിനേറ്റർ ബിജു ലക്ഷ്മണൻ എന്നിവർ പ്രസംഗിച്ചു. കില ഡയറക്ടറുമായി വിദ്യാർഥികൾ സംവദിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**സംയുക്ത പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട് മഹാത്മാ ഗാന്ധി സർവകലാശാലയും കിലയും ഒപ്പിട്ട ധാരണാപത്രം കില ഡയറക്ടർ ഡോ. ജോയി ഇളമൺ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് കൈമാറുന്നു**

(പി.ആർ.ഒ/39/1971/2019)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എ./എം.എച്ച്.എം./എം.എ.ജെ.എം.സി./എം.എസ്.ഡബ്ല്യു./ എം.ടി.ടി.എം. (2019 അഡ്മിഷൻ റഗുലർ), എം.എസ്‌സി. സി.എസ്.എസ്., എം.കോം. സി.എസ്.എസ്. (2019 അഡ്മിഷൻ റഗുലർ-അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ നവംബർ 12 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/1972/2019)

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ സൈബർ ഫോറൻസിക് (2019 അഡ്മിഷൻ റഗുലർ മാത്രം) യു.ജി. നവംബർ 2019 പരീക്ഷകൾ നവംബർ 13 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/1973/2019)

ഡോ. കെ.എൻ. രാജ് സെന്റർ സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിലെ ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് നവംബർ 2019 പരീക്ഷകൾ നവംബർ 18 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 11 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ പിഴയോടെ 15 വരെയും അപേക്ഷിക്കാം.

ഡോ. കെ.എൻ. രാജ് സെന്റർ സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിലെ മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് നവംബർ 2019 പരീക്ഷകൾ നവംബർ 27 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 11 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1975/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക് ഫാഷൻ ടെക്നോളജി (2017 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂലൈ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 12 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1976/2019)

## വൈവാവോസി

മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ എം.കോം. (2017 അഡ്മിഷൻ റഗുലർ-പ്രൈവറ്റ്) ജൂലൈ 2019 പരീക്ഷയുടെ വൈവാവോസി നവംബർ 11 മുതൽ 15 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ഒന്നും രണ്ടും സെമസ്റ്റർ /ഒന്നാം വർഷ എം.കോം. (പ്രൈവറ്റ്) സപ്ലിമെന്ററി പരീക്ഷകളെഴുതുന്ന വിദ്യാർഥികൾ അന്നേദിവസം ഉച്ചയ്ക്ക് ശേഷമോ (വൈകീട്ട് 4.30 വരെ) അതത് കേന്ദ്രങ്ങളിൽ വൈവ നടക്കുന്ന മറ്റു ദിവസങ്ങളിലോ ഹാജരാകണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1977/2019)

## പരീക്ഷഫലം

2018 ഡിസംബർ, 2019 ജൂൺ മാസങ്ങളിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടന്ന മൂന്നും നാലും സെമസ്റ്റർ എം.എ. ഇംഗ്ലീഷ്, മലയാളം (ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1978/2019)

2019 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.എഡ്. റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1979/2019)

## നിയമ ഗവേഷണം; അർദ്ധവാർഷിക അവതരണം നവംബർ 11, 12 തീയതികളിൽ

മഹാത്മാഗാന്ധി സർവകലാശാല ഇന്ത്യൻ ലീഗൽ തോട്ടിലെ നിയമഗവേഷണവുമായി ബന്ധപ്പെട്ട അർദ്ധവാർഷിക അവതരണം നവംബർ 11, 12 തീയതികളിൽ രാവിലെ 10 ന് പഠനവകുപ്പിൽ നടക്കും. സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ എല്ലാ ഗവേഷകരും പരിപാടിയിൽ പങ്കെടുക്കണം.

(പി.ആർ.ഒ/39/1980/2019)

## ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ഭാരവാഹികൾ ചുമതലയേറ്റു

മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞചെയ്ത് ചുമതലയേറ്റു. സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, ഡോ. പി.ആർ. ബിജു, ഡോ. എം.കെ. ബിജു, പി.ആർ.ഒ. എ. അരുൺകുമാർ, വി.പി. മജീദ്, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയർപേഴ്സൺ എസ്. അജിത്ത് എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ/39/1981/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ